കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER **03** | **2022** |



ശബരിമല പത്രക്കുറിപ്പ് - 3

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# സന്നിധാനം പോസ്റ്റ് ഓഫീസ് ഷഷ്ഠിപൂർത്തി നിറവിൽ

***സ്വാമി അയ്യപ്പൻ, സന്നിധാനം പി.ഓ, 689713***

***തപാൽ പ്രസാദ വിതരണത്തിന് ര□ാഴ്ച്ചക്കുള്ളിൽ ലഭിച്ചത് 208 ഓർഡറുകൾ***

സ്വാമി അയ്യപ്പൻ, സന്നിധാനം പി.ഓ, 689713 എന്ന ശബരിമല സന്നിധാനത്തെ പോസ്റ്റ് ഓഫീസ് 60 വയസിലേക്ക്. 1963 ൽ ആണ് സന്നിധാനം പോസ്റ്റ് ഓഫീസിന്റെ പിറവി.

ശബരിമല മണ്ഡല, മകരവിളക്ക് തീർഥാടനം ആരംഭിച്ചതോടെ സന്നിധാനം പോസ്റ്റ് ഓഫീസിന്റെ പ്രവർത്തനം സജീവമായി.

തപാൽ പ്രസാദ വിതരണം പുനരാരംഭിച്ചതോടെ കഴിഞ്ഞ 15 ദിവസത്തിനകം 208 ഓർഡറുകളാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സന്നിധാനം പോസ്റ്റ് ഓഫീസിന് ലഭിച്ചത്. ഇതുവഴി 1,34,800 രൂപ സമാഹരിച്ചു.

ഓൺലൈൻ പ്രസാദ വിതരണത്തിന് മൂന്ന് കിറ്റുകളാണ് ഉള്ളത്; 520 രൂപ കിറ്റിൽ ഒരു അരവണയും , 960 രൂപ കിറ്റിൽ നാല് അരവണയും, 1760 രൂപ കിറ്റിൽ 10 അരവണയും ഉ ാകും. കൂടാതെ എല്ലാ കിറ്റിലും നെയ്യ്, കുങ്കുമം, മഞ്ഞൾ, വിഭൂതി
എന്നിവയും പ്രത്യേകം പാക്ക് ചെയ്യും.

രാജ്യത്തിന്റെ ഏത് പോസ്റ്റ് ഓഫീസിൽ നിന്നും ഓൺലൈനായി പ്രസാദം ബുക്ക് ചെയ്യാം. പരമാവധി ഏഴ് ദിവസത്തിനുള്ളിൽ സ്പീഡ് പോസ്റ്റിൽ പ്രസാദം വീട്ടിൽ എത്തും.

ഓൺലൈൻ പ്രസാദ വിതരണത്തിന് പുറമേ സന്നിധാനത്തെ പോസ്റ്റ് ഓഫീസിൽ സ്വാമി അയ്യപ്പന് എത്തുന്ന കത്തുകളും 'കൈകാര്യം' ചെയ്യണം.

പ്രേമലേഖനം, ഗൃഹപ്രവേശം, കല്യാണം തുടങ്ങി വിശേഷ ചടങ്ങുകളുടെ ആദ്യ ക്ഷണം വരെ അയ്യപ്പനാണ് അയക്കുന്നത്. അയ്യപ്പന്റെ പേരു വെച്ച് ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് ഭക്തർ അയക്കുന്ന ഈ കത്തുകൾ അയ്യപ്പന് മുന്നിൽ സമർപ്പിച്ച ശേഷം ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർക്ക് കൈമാറുകയാണ് പതിവ്.

വർഷത്തിൽ മൂന്ന് മാസം മാത്രം പ്രവർത്തിക്കുന്ന ഈ പോസ്റ്റ് ഓഫീസിന് നിരവധി പ്രത്യേകതകളാണ് ഉള്ളത്. പതിനെട്ടാം പടിയും അയ്യപ്പ മുദ്രയുമുള്ള സീൽ, പ്രത്യേകം സ്റ്റാമ്പ്, സ്വന്തമായി പിൻകോഡ് തുടങ്ങിയവയെല്ലാം സന്നിധാനത്തെ ഈ പോസ്റ്റ് ഓഫീസിന് മാത്രം സ്വന്തം.

പ്രിയപ്പെട്ടവർക്ക് അയ്യപ്പമുദ്ര പതിഞ്ഞ കത്തുകളും മണിയോഡറുകളും അയക്കുന്നതിന് ദിനംപ്രതി നൂറു കണക്കിന് ഭക്തരാണ് ഇവിടെ എത്തുന്നത്.

മണ്ഡലം ആരംഭിച്ച് ഇന്നലെവരെ (ഡിസംബർ 2) 6000 പോസ്റ്റ് കാർഡുകളാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഇവിടെ നിന്നും അയച്ചത്. 1963 ൽ പോസ്റ്റോഫീസും 1974 ൽ പതിനെട്ടാംപടി ആലേഖനം ചെയ്തിട്ടുള്ള സീലും നിലവിൽ വന്നു. കഴിഞ്ഞ മണ്ഡലകാലത്ത് തപാൽ പ്രസാദ വിതരണത്തിലൂടെ ര രക്കോടി രൂപയുടെ വരുമാനമാണ് പോസ്റ്റ് ഓഫീസും ദേവസ്വം ബോർഡും സമാഹരിച്ചത്.

(പി.ആർ.ശബരി-123)

# ശബരിമലയിൽ ഇന്നത്തെ ചടങ്ങുകൾ

(04.12.2022)

.........

പുലർച്ചെ 2.30 ന്
പള്ളി ഉണർത്തൽ

3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും  നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം
7.30 ന്  ഉഷപൂജ
11.30 ന് 25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30 ന്  ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ

വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന്... ദീപാരാധന
7 മണിമുതൽ പുഷ്പാഭിഷേകം
9.30 മണിക്ക്  ...അത്താഴപൂജ
10.50 ന്  ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.